**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2898** **14-09-2023 - ൽ മറുപടിയ്ക്ക്**

**സ്വയംതൊഴിൽ പദ്ധതിക്കുള്ള വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ബാങ്ക് വഴി നടപ്പിലാക്കിയ സ്വയംതൊഴിൽ പദ്ധതികൾക്കായുള്ള വായ്പാ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാരിന്റെ വ്യത്യസ്തങ്ങളായ നൂറ ദിന കർമ്മ പരിപാടിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂലധന നിക്ഷേപം നടത്തുന്നതിനും കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്ക് വഴി നടപ്പിലാക്കിയ സ്വയം തൊഴിൽ പദ്ധികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>**KB MICRO FINANCE വായ്പാ പദ്ധതി**<br><br>ഉൽപ്പാദന സേവന പ്രവർത്തനങ്ങൾക്ക പിൻബലം നൽകിക്കൊണ്ട് വനിതകളുടെ ശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീ വനിതാ സംഘങ്ങൾക്ക് ടി വായ്പ അനുവദിച്ച വരുന്നു. കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് സംരംഭക വായ്പയായി 20 ലക്ഷം രൂപ വരെ നൽകുന്നു കൂടാതെ Joint Liability Group ന് 10 ലക്ഷം രൂപ വരെ JLG വായ്പയായി അനുവദിക്കുന്നു.<br><br>**KB VANITHA PLUS BUSINESS വായ്പാ പദ്ധതി** – ഫുഡ് കാറ്ററിംഗ്, ബ്യൂട്ടി പാർലർ, തയ്യൽ, ഡേ-കെയർ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട മേഖലകളിലേക്കാണ് ടി വായ്പ അനുവദിക്കുന്നത്. കുറഞ്ഞ പലിശനിരക്കിൽ ടി വായ്പ നൽകി വരുന്നു.<br><br>**PM SVANIDHi വായ്പാ പദ്ധതി**<br><br>കോവിഡ് പ്രതിസന്ധിയിൽ വരുമാനം നഷ്ടപ്പെട്ട തെരുവു കച്ചവടക്കാരുടെ |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണം ലക്ഷ്യമാക്കി ടി വായ്പ നൽക<br>വരുന്നു.<br><br>**<u>KB SUVIDHA Plus വായ്പാ പദ്ധതി</u>**<br><br>ചെറുകിട സംരംഭകർക്ക് വ്യത്യസ്ത<br>മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന<br>പരമാവധി 5 ലക്ഷം രൂപ വരെ ലഘു ജാമ<br>വ്യവസ്ഥയിൽ അനുവദിക്കുന്നു. ടി പദ്ധതി<br>പ്രകാരം 2 ലക്ഷം രൂപ വരെ ചെറുകിട<br>കച്ചവടക്കാർക്കും 5 ലക്ഷം രൂപ വരെ<br>ഇടത്തരം സംരംഭകർക്കും വായ്<br>അനുവദിക്കുന്നു.<br><br>**<u>MSME വായ്പാ പദ്ധതികൾ</u>**<br><br>അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് സ്വയം<br>തൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ<br>ആരംഭിക്കുന്നതിനും വ്യത്യസ്തങ്ങളായ MSME<br>വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>KB MITHRA, KB-YUVAMITHRA</u>**<br>**<u>വായ്പാ പദ്ധതികൾ</u>** ടി പദ്ധതികൾ പ്രകാരം<br>40 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്.<br><br>**<u>KB SMART വായ്പാ പദ്ധതി</u>**<br><br>ടി പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ<br>ആരംഭിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ<br>അനുവദിക്കുന്നു.<br><br>**<u>KB PRAVASIKIRAN, KB-PRAVASI</u>**<br>**<u>BHADRATHA വായ്പാ പദ്ധതികൾ</u>**<br><br>ടി പദ്ധതി പ്രകാരം നോർക്കാ റൂട്ട്സുമായി<br>സഹകരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**<u>KB SKILL വായ്പാ പദ്ധതി</u>**<br><br>ASAP (Additional Skill Acquisition<br>Programme) മായി സഹകരിച്ച് അഭ്യസ്ത<br>വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ<br>വൈദഗ്ധ്യം നേടുന്നതിന് വായ്പാ പദ്ധതി<br>നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിൽ സഹകരണ ബാങ്ക് വഴി ഏതെല്ലാം വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | കാർഷിക മേഖലയിൽ കേരള ബാങ്ക് വഴി ചുവടെ പറയുന്ന വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്<br><br>**<u>PACS as MSC പദ്ധതി</u>** |

| | | | |
|---|---|---|---|
| | | | നബാർഡിൽ നിന്നും സംസ്ഥാന സഹകരണ ബാങ്ക് വഴി അർഹതപ്പെട്ട പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ നൽകുന്ന ഒരു ദീർഘകാല പുനർ വായ്പാ പദ്ധതിയാണ് ഇത്. PACS as MSC പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളിലെ അഗ്രികൾച്ചർ അനുബന്ധ പദ്ധതികൾക്ക് പുതുതായി നടപ്പിലാക്കുന്ന AIF പദ്ധതിയുമായി ലിങ്ക് ചെയ്ത് ടി പദ്ധതിയുടെ 3 ശതമാനം സബ്സിഡി കൂടി ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br><br>**KB KISANMITHRA VFPCK** വായ്പാ പദ്ധതി (Vegetable and Fruit Promotion Council Keralam) യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകർക്ക് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി ടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്<br><br>**KB WATERSHED പദ്ധതി**<br><br>നബാർഡ് പിന്തുണയ്ക്കുന്ന വാട്ടർഷെഡ് പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക വരുമാനം കൂട്ടുന്നതിനുമായി ടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**KB KISANMITHRA** (Above 3 Lakhs) കൃഷിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ ടി വായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**KB LONG TERM AGRICULTURAL** വായ്പ കാർഷിക/കാർഷികാനുബന്ധ മേഖലയിലെ ഇടത്തരം/ ദീർഘകാല വായ്പാ ആവശ്യങ്ങൾക്ക് ടി വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>**KB FPO വായ്പാ പദ്ധതി**<br><br>മൂല്യ വർദ്ധിത ഉൽപ്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ട്കൊണ്ട് കാർഷിക ഉൽപ്പാദന സംഘടനകൾക്ക് (Farmers Producers Organizations) നൽകുന്നതിനായി ടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ